**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 287** **08-08-2023 - ൽ മറുപടിയ്ക്ക്**

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ശ്രവണ വൈകല്യമുള്ള കുട്ടികൾക്കുള്ള കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപണി വൈകുന്നതിനാൽ കേടായ ഉപകരണങ്ങളാണ് കുട്ടികൾ മാസങ്ങളായി ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തി അനുവദിക്കുന്നതാണ്. 2023-24 സാമ്പത്തിക വർഷം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതി, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസി യ്ക്ക് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | പ്രസ്തുത ഉപകരണങ്ങളുടെ അറ്റകുറ്റപണികൾക്കായി മതിയായ തുക അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ; തുക അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | മറുപടി എ പിരിവിൽ രേഖപ്പെടുത്തിയിട്ടുണ്ട് |
| (സി) | നിലവിൽ അഡ്വാൻസ്ഡ് ബയോണിക്സ് പ്രോസസറുകൾ ഉപയോഗിക്കുന്ന കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ കാലാവധി 31.03.2023 ന് അവസാനിച്ചിട്ടുള്ളതിനാൽ കാലാവധി കഴിഞ്ഞതും വരും വർഷങ്ങളിൽ കാലാവധി കഴിയുന്നതുമായ പ്രോസസറുകൾ അപ്ഗ്രേഡ് ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | പ്രോസസ്സർ അപ്ഗ്രഡേഷൻ ബന്ധപ്പെട്ട് നാളിതുവരെ 25 അപേക്ഷകൾ KSSM ൽ ലഭിക്കുകയും, സ. ഉ (സാധാ) 1821/2023/ആ.കു.വ ഉത്തരവ് പ്രകാരം അവയ്ക്കുള്ള ധന സഹായമായി 59,47,500/- രൂപ സർക്കാർ KSSM ന് അനുവദിച്ചിട്ടുമുണ്ട്. അഡ്വാൻസ് ബയോണിക്സ് കമ്പനിയുമായി ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത്തരം സേവനങ്ങൾ നിലവിൽ പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നൽകുന്നതാണ്. |
| (ഡി) | പ്രസ്തുത ഉപകരണങ്ങളുടെ കേടുപാടുകൾ അടിയന്തരമായി കണ്ടെത്തി പരിഹരിക്കുന്നതിന് എല്ലാ ജില്ലാ ആശുപതികളിലും ഓഡിയോളജിസ്റ്റുകളെയും സ്പീച്ച് തെറാപ്പിസ്റ്റുകളെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതി മാർഗ്ഗരേഖ പ്രകാരം ചികിത്സക്കും അനുബന്ധ സേവനങ്ങൾക്കുമായുള്ള തുക എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾക്കാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നൽകുന്നത്. ആശുപത്രി സൂപ്രണ്ടുമാർക്ക് ഇത്തരം ആവശ്യങ്ങൾക്കുള്ള ഫണ്ട് |

| | | | |
|---|---|---|---|
| | | | മേൽപറഞ്ഞ വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ